പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായുള്ള ഗുരുതരമായ ഒരു ആരോപണത്തെ സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഭരണപക്ഷവും മുഖ്യമന്ത്രിയും ഭയക്കുന്നതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ നടപടികൾ ബഹിഷ്കരിക്കുകയാണ്. ഒരു കാര്യംകൂടി പറയാനുണ്ട്, ചട്ടം എന്നത് ഓരോരുത്തരുടെ സൗകര്യമനുസരിച്ച് മാറ്റാനുള്ളതല്ല. ഇന്നലെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഒരു ചട്ടം ഉന്നയിച്ചു, റൂൾ 73, അത് ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണ്ട എന്നുപറയാനായിരുന്നു. അതിൽ ചട്ടം ബാധകമായിരുന്നില്ല. എന്നാൽ ഇന്ന് അദ്ദേഹം ചട്ടം ബാധകമാക്കുകയാണ്. ഓരോ ദിവസവും ഓരോ സൗകര്യത്തിനനുസരിച്ച് ചട്ടങ്ങൾ വ്യാഖ്യാനിക്കുന്നത് നിയമ വകുപ്പുമന്ത്രിക്ക് യോജിച്ചതല്ല എന്നുകൂടി ഞങ്ങൾ ഓർമ്മപ്പെടുത്തുകയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം രേഖയിലുള്ളതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം. ഒന്ന്, സ്പീക്കർ ഒരു റൂളിംഗ് നടത്തിയാൽ പ്രതിപക്ഷനേതാവായാലും മറ്റേത് അംഗമായാലും അതിനെ ചോദ്യം ചെയ്യുന്നത് തെറ്റായ രീതിയാണ്. രണ്ടാമത്തേത്, ഇന്നലെ പറഞ്ഞത് ചട്ടം തന്നെയാണ്, ചട്ടം വായിക്കുകയാണ് ചെയ്തത്. ചട്ടം 73 പറയുന്നത് ഫിനാൻഷ്യൽ മെമ്മോറാണ്ടം കണക്കുകൾ ഉണ്ടാകുന്നതിന്റെ ഭാഗമാണ്. ചെലവ് ഇല്ലാത്തതുകൊണ്ട് അത് ഉൾപ്പെടുത്തിയിട്ടില്ല എന്ന വിശദീകരണമാണ് ഞാൻ നൽകിയിട്ടുള്ളത്. ഇന്നലെയും ഇന്നും വായിച്ചത് ചട്ടങ്ങളാണ്. അതാണ് ശരിയായ ചട്ടങ്ങളായി രേഖയിലുള്ളത്.